**പതിമൂന്നാം കേരള നിയമസഭ**

(THIRTEENTH KERALA LEGISLATIVE ASSEMBLY)

# സബ്ജക്റ്റ് കമ്മിറ്റി XII

## (SUBJECT COMMITTEE XII)

**ആരോഗ്യവും കുടുംബക്ഷേമവും**

**(HEALTH AND FAMILY WELFARE)**

**ധനാഭ്യർത്ഥനകളുടെ പരിശോധന സംബന്ധിച്ച**
**രണ്ടാമത് റിപ്പോർട്ട്**
**(2012-2013)**

**SECOND REPORT**
**ON**
**THE SCRUTINY OF DEMANDS FOR GRANTS**
**(2012-2013)**

2012 ജൂൺ 11-ാം തീയതി സമർപ്പിച്ചത്

(Presented on 11th June, 2012)


കേരള നിയമസഭാ സെക്രട്ടേറിയറ്റ്
തിരുവനന്തപുരം
2012

SECRETARIAT OF THE KERALA LEGISLATURE
THIRUVANANTHAPURAM
2012

പതിമൂന്നാം കേരള നിയമസഭ

(THIRTEENTH KERALA LEGISLATIVE ASSEMBLY)

# സബ്ജക്റ്റ് കമ്മിറ്റി XII

# (SUBJECT COMMITTEE XII)

ആരോഗ്യവും കുടുംബക്ഷേമവും

**(HEALTH AND FAMILY WELFARE)**

ധനാഭ്യർത്ഥനകളുടെ പരിശോധന സംബന്ധിച്ച
രണ്ടാമത് റിപ്പോർട്ട്
(2012-2013)

SECOND REPORT ON THE SCRUTINY OF DEMANDS
FOR GRANTS
(2012-2013)

466/2012.

## ഉള്ളടക്കം


| | | പേജ് |
|---|---|---|
| സമിതിയുടെ ഘടന | .. | v |
| അവതാരിക | .. | vii |
| റിപ്പോർട്ട് | .. | 1 |

# സബ്ജക്റ്റ് കമ്മിറ്റി XII—ആരോഗ്യവും കുടുംബക്ഷേമവും
# (2011-2013)

## ഘടന

<u>ചെയർമാൻ</u> :

ശ്രീ. വി. എസ്. ശിവകുമാർ,
ആരോഗ്യവും ദേവസ്വവും വകുപ്പുമന്ത്രി.

<u>അംഗങ്ങൾ</u> :

ശ്രീമതി പി. അയിഷാ പോറ്റി

ശ്രീ. എ. എ. അസീസ്

„ ഐ. സി. ബാലകൃഷ്ണൻ

„ പി. കെ. ബഷീർ

ശ്രീമതി ഇ. എസ്. ബിജിമോൾ

ശ്രീ. കെ. ദാസൻ

„ എ. റ്റി. ജോർജ്

„ കെ. കുഞ്ഞമ്മത് മാസ്റ്റർ

„ റോഷി അഗസ്റ്റിൻ

„ പി. ഉബൈദുള്ള.

<u>നിയമസഭാ സെക്രട്ടേറിയറ്റ്</u> :

ശ്രീ. പി. കെ. മുരളീധരൻ, സെക്രട്ടറി-ഇൻ-ചാർജ്

ശ്രീമതി കെ. ലൈലാ ബീവി, അഡീഷണൽ സെക്രട്ടറി

„ കെ. രാധാമണി, അണ്ടർ സെക്രട്ടറി.

# അവതാരിക

2012-2013 സാമ്പത്തിക വർഷത്തെ ബഡ്ജറ്റിൽ ആരോഗ്യവും കുടുംബക്ഷേമവും സംബന്ധിച്ച സബ്ജക്റ്റ് കമ്മിറ്റി XII-ന്റെ പരിധിയിൽ വരുന്ന ധനാഭ്യർത്ഥനകളുടെ പരിശോധന സംബന്ധിച്ച സമിതിയുടെ രണ്ടാമത് റിപ്പോർട്ട് സമിതിയുടെ ചെയർമാനായ ഞാൻ സമർപ്പിക്കുന്നു.

സമിതി 24-4-2012, 4-5-2012 എന്നീ തീയതികളിൽ യോഗം ചേർന്ന് കേരള നിയമസഭയുടെ നടപടിക്രമവും കാര്യനിർവ്വഹണവും സംബന്ധിച്ച ചട്ടങ്ങളിലും ഇത് സംബന്ധിച്ച് പുറപ്പെടുവിച്ച മാർഗ്ഗനിർദ്ദേശ രേഖകളിലും വ്യവസ്ഥ ചെയ്തിട്ടുള്ളവിധം, താഴെപ്പറയുന്ന ധനാഭ്യർത്ഥനകളിൽ ഉൾക്കൊള്ളുന്ന വിവിധ ചെലവിനങ്ങൾ പരിശോധിച്ചു :

| | | | |
|---|---|---|---|
| ധനാഭ്യർത്ഥന നമ്പർ | XVIII | — | വൈദ്യസഹായരംഗവും പൊതുജനാരോഗ്യവും |
| ധനാഭ്യർത്ഥന നമ്പർ | XIX | — | കുടുംബക്ഷേമം |
| ധനാഭ്യർത്ഥന നമ്പർ | XXX | — | ഭക്ഷ്യം (2236 പോഷകാഹാരം) |
| ധനാഭ്യർത്ഥന നമ്പർ | XX | — | ശുദ്ധജലവിതരണവും ശുചീകരണവും |

ബന്ധപ്പെട്ട വകുപ്പുകളിൽ നിന്നും ലഭിച്ച കുറിപ്പുകൾ സമിതി പരിഗണിക്കുകയും യോഗങ്ങളിൽ സന്നിഹിതരായിരുന്ന ഉദ്യോഗസ്ഥരിൽ നിന്നും കൂടുതൽ വിവരങ്ങൾ ആരായുകയും ചെയ്തു.

ഭരണഘടനാപരവും സാമ്പത്തികവുമായ പരിമിതികൾക്ക് വിധേയമായി സമിതി അതിന്റെ നിർദ്ദേശങ്ങൾക്കും ശുപാർശകൾക്കും രൂപം നൽകുകയും അവ ഈ റിപ്പോർട്ടിൽ ഉൾക്കൊള്ളിക്കുകയും ചെയ്തിരിക്കുന്നു.

2012 മേയ് മാസം 10-ാം തീയതി ചേർന്ന യോഗത്തിൽ ഈ റിപ്പോർട്ട് അംഗീകരിച്ചു.

വി. എസ്. ശിവകുമാർ,

*ചെയർമാൻ,*
*സബ്ജക്റ്റ് കമ്മിറ്റി XII.*

തിരുവനന്തപുരം,
2012 മേയ് 10.

# റിപ്പോർട്ട്

## ധനാഭ്യർത്ഥന നമ്പർ XVIII—വൈദ്യസഹായരംഗവും പൊതുജനാരോഗ്യവും

| | | |
|---|---|---|
| വോട്ട് ചെയ്തത് | : | 2902,77,58,000 രൂപ |
| ചാർജ്ജ് ചെയ്തത് | : | 37,10,000 രൂപ |

2210-01-110-85—മാനസികാരോഗ്യ കേന്ദ്രം—തിരുവനന്തപുരം

പ്ലാൻ വിഹിതം : 30 ലക്ഷം രൂപ

1. തിരുവനന്തപുരം മാനസികാരോഗ്യ കേന്ദ്രത്തിനായി ഉപകരണങ്ങൾ വാങ്ങുക, രോഗികൾക്ക് വസ്ത്രങ്ങൾ, ഷീറ്റ്, മെത്തകൾ, സ്റ്റാഫുകൾക്ക് ഇൻസർവ്വീസ് ട്രെയിനിംഗ് നടപ്പിലാക്കൽ, ആനുവൽ മെയിന്റനൻസ് കോൺട്രാക്റ്റിനുള്ള ചെലവ്, കമ്പ്യൂട്ടർ, എൽ.സി.ഡി., ഇന്റർകോം, ലാപ്ടോപ്പ്, ഫോട്ടോകോപ്പിയർ, ലാബ് ഉപകരണങ്ങൾ എന്നിവയുടെ മെയിന്റനൻസും അറ്റകുറ്റപണി മുതലായ പദ്ധതികൾ നടപ്പിലാക്കുന്നതിനായി 30 ലക്ഷം രൂപയാണ് വകയിരുത്തിയിട്ടുള്ളത്. പ്രസ്തുത തുക അപര്യാപ്തമായതിനാൽ പദ്ധതി ഇനത്തിൽ 20 ലക്ഷം രൂപ അധികമായി അനുവദിക്കണമെന്ന് സമിതി ശുപാർശ ചെയ്യുന്നു.

2210-01-110-40—ജില്ലാ മാനസികാരോഗ്യ പരിപാടി

പ്ലാൻ വിഹിതം : ഇല്ല

2. ജില്ലാ മാനസിക ആരോഗ്യ പദ്ധതി നടപ്പിലാക്കുന്നതിനായി ഈ സാമ്പത്തിക വർഷത്തിൽ തുകയൊന്നും അനുവദിച്ചിട്ടില്ല. ആയതിനാൽ ജില്ലാ മാനസിക ആരോഗ്യ പരിപാടി നടപ്പിലാക്കുന്നതിനായി പദ്ധതിയിനത്തിൽ 60 ലക്ഷം രൂപ അനുവദിക്കണമെന്ന് സമിതി ശുപാർശ ചെയ്യുന്നു.

2210-06-101-53—പാവപ്പെട്ടവർക്ക് വൈദ്യസഹായം നൽകുന്നതിനുള്ള സൊസൈറ്റി

പ്ലാൻ വിഹിതം : 400 ലക്ഷം രൂപ

3. ഓപ്പൺ ഹാർട്ട് സർജറി, ന്യൂറോസർജറി, പേസ് മേക്കർ ട്രാൻസ്പ്ലാന്റേഷൻ, ക്യാൻസർ, ആൻജിയോപ്ലാസ്റ്റി, റീനൽ ട്രാൻസ്പ്ലാന്റേഷൻ സർജറി, ട്യൂമർ റിസക്ഷൻ ആന്റ് പ്രോസ്തസീസ്, ഡയാലിസിസ്, ലിവർ ട്രാൻസ്പ്ലാന്റേഷൻ സർജറി, ട്യൂമർ ഓഫ് ലുംബാർ തൊറാസിക് വെർട്ടിബ്രൽ എന്നിവയുടെ ചികിത്സയ്ക്കായി വരുന്ന നിർദ്ധനരായ രോഗികൾക്ക് സാമ്പത്തിക സഹായം നൽകുന്നതിനായി 400 ലക്ഷം രൂപയാണ് അനുവദിച്ചിട്ടുള്ളത്. പ്രസ്തുത തുക അപര്യാപ്തമായതിനാൽ ഈ ശീർഷകത്തിൽ അധികമായി 300 ലക്ഷം രൂപ അനുവദിക്കണമെന്ന് സമിതി ശുപാർശ ചെയ്യുന്നു.

2210-06-101-45—പകർച്ചവ്യാധികളല്ലാത്ത രോഗങ്ങളുടെ നിയന്ത്രണം

പ്ലാൻ വിഹിതം : 450 ലക്ഷം രൂപ

4. പകർച്ചവ്യാധികളല്ലാത്ത രോഗങ്ങളുടെ പ്രതിരോധ നടപടികൾക്കായി, ജില്ലാതല പരിശീലനങ്ങൾ നടത്തുന്നതിനായും ഐ.ഇ.സി., ലോക ഡയബറ്റിക്സ് ദിനാചരണത്തിനായും നീക്കിവച്ചിട്ടുള്ള തുക അപര്യാപ്തമായതിനാൽ 650 ലക്ഷം രൂപ അധികമായി ഈ ശീർഷകത്തിൽ അനുവദിക്കണമെന്ന് സമിതി ശുപാർശ ചെയ്യുന്നു.

2210-05-105-08—ഗവ. നഴ്സിംഗ് സ്കൂളുകൾ—പത്തനംതിട്ട, വയനാട്, ഇടുക്കി, കോഴിക്കോട്

പ്ലാൻ വിഹിതം : 100 ലക്ഷം രൂപ

5. നഴ്സിംഗ് സ്കൂളുകൾക്ക് ശമ്പളം, സ്കോളർഷിപ്പ്, സ്റ്റൈപ്പന്റ് എന്നിവ നൽകുന്നതിനും, അറ്റകുറ്റപണികൾ, മൈനർ പണികൾ എന്നിവ നടത്തുന്നതിനായി അനുവദിച്ച തുക അപര്യാപ്തമായതിനാൽ 100 ലക്ഷം രൂപ അധികമായി അനുവദിക്കണമെന്ന് സമിതി ശുപാർശ ചെയ്യുന്നു.

**മെഡിക്കൽ വിദ്യാഭ്യാസം**

6. മെഡിക്കൽ വിദ്യാഭ്യാസ വകുപ്പിൽ നിലവിലുണ്ടായിരുന്ന ദ്വിഭരണ സംവിധാനം നിറുത്തലാക്കി അധികമായി വകുപ്പിലേക്ക് വന്ന 6432 ജീവനക്കാരുടെ സേവന വേതന വ്യവസ്ഥകൾ കാര്യക്ഷമമായി നിർവ്വഹിക്കുന്നതിലേക്കായി മിനിസ്റ്റീരിയൽ വിഭാഗത്തിൽ മാത്രമാണ് ജീവനക്കാർ ഉള്ളത്. സൂപ്പർവൈസറി തസ്തികകൾ ഒന്നും തന്നെ ഇല്ല. ആയതിനാൽ പദ്ധതിയിതര ഇനത്തിൽ സൂപ്പർവൈസറി തസ്തികകൾ അടിയന്തിരമായി അനുവദിക്കണമെന്ന് സമിതി ശുപാർശ ചെയ്യുന്നു.

7. മെഡിക്കൽ കോളേജുകളിൽ ലക്ചർ തിയേറ്റർ കോംപ്ലക്സ് സ്ഥാപിക്കുന്നതിന് അനുവദിച്ച ബഡ്ജറ്റ് വിഹിതമായ 2 കോടി രൂപ വളരെ പരിമിതവും അപര്യാപ്തവുമാണ്. ആയതിനാൽ ഇതിലേക്കായി അധികമായി 6 കോടി രൂപ അനുവദിക്കണമെന്ന് സമിതി ശുപാർശ ചെയ്യുന്നു.

8. ആലപ്പുഴ, തൃശൂർ ദന്തൽ കോളേജുകളിൽ അടുത്ത അദ്ധ്യയനവർഷം തുടങ്ങാൻ സാധിക്കുന്ന വിധത്തിൽ അദ്ധ്യാപക-അനദ്ധ്യാപക തസ്തികകൾ സൃഷ്ടിക്കുന്നതിനുവേണ്ടി നടപടി സ്വീകരിക്കണമെന്ന് സമിതി ശുപാർശ ചെയ്യുന്നു.

9. സംസ്ഥാനത്തെ മൂന്ന് ദന്തൽ കോളേജുകളിലും കൃത്രിമ ദന്ത നിർമ്മാണത്തിനായുള്ള സിറാമിക് ലാബ് സ്ഥാപിക്കുന്നതിലേക്കാവശ്യമായ തുക അധികമായി അനുവദിക്കണമെന്ന് സമിതി ശുപാർശ ചെയ്യുന്നു.

10. ഇന്ത്യൻ നഴ്സിംഗ് കൗൺസിൽ നിർദ്ദേശിച്ചിരിക്കുന്ന രീതിയിൽ 5 സർക്കാർ നഴ്സിംഗ് കോളേജുകളിലും ഡിപ്പാർട്ടുമെന്റലൈസേഷൻ സ്കീം നടപ്പിലാക്കാൻ നടപടി സ്വീകരിക്കണമെന്ന് സമിതി ശുപാർശ ചെയ്യുന്നു.

11. സംസ്ഥാനത്തെ അഞ്ച് നഴ്സിംഗ് കോളേജുകളിൽ വിദ്യാഭ്യാസനിലവാരം ഉയർത്തുന്നതിന്റെ ഭാഗമായി ആവശ്യമായ അദ്ധ്യാപക തസ്തികകൾ സൃഷ്ടിക്കുന്നതിനും, നഴ്സിംഗ് സർവ്വീസിന്റെ ഗുണനിലവാരം ഉയർത്തുന്നതിലേക്കുമായി ഒരു ഡെപ്യൂട്ടി ഡയറക്ടർ ഓഫ് നഴ്സിംഗ് സർവ്വീസ് തസ്തിക സൃഷ്ടിക്കാനും സമിതി ശുപാർശ ചെയ്യുന്നു. ഡയറക്ടറേറ്റിൽ വിജിലൻസ് വിഭാഗം ശക്തിപ്പെടുത്തുന്നതിനാവശ്യമായ നടപടി സ്വീകരിക്കണമെന്ന് സമിതി ശുപാർശ ചെയ്യുന്നു.

**ഭാരതീയ ചികിത്സാവകുപ്പ്**

2210-02-101-97—മറ്റാശുപത്രികളും

12. ഭാരതീയ ചികിത്സാവകുപ്പിന്റെ കീഴിലുള്ള 761 ആയുർവേദ ഡിസ്പെൻസറികൾ, 115 ആശുപത്രികൾ, വർക്കല പ്രകൃതി ചികിത്സ ആശുപത്രി, ആലപ്പുഴ പഞ്ചകർമ്മ എന്നിവയ്ക്ക് ആവശ്യമായ ഔഷധങ്ങൾക്ക് വില കൂടിയതിനാൽ ഈ ശീർഷകത്തിൽ 100 ലക്ഷം രൂപ കൂടുതൽ അനുവദിക്കണമെന്ന് സമിതി ശുപാർശ ചെയ്യുന്നു.

**ആയുർവേദ മെഡിക്കൽ വിദ്യാഭ്യാസവകുപ്പ്**

4210-03-101-99—ആയുർവേദ മെഡിക്കൽ കോളേജ് ആശുപത്രി ഹോസ്റ്റൽ, തിരുവനന്തപുരം—സ്ഥലമെടുപ്പ്—കെട്ടിടങ്ങൾ

പ്ലാൻ വിഹിതം : 15 ലക്ഷം രൂപ

13. തിരുവനന്തപുരം ഗവൺമെന്റ് ആയുർവേദ കോളേജ് ക്യാമ്പസിൽ ആധുനിക സൗകര്യങ്ങളുള്ള ക്ലിനിക്കൽ ലാബ്, ഡയഗനോസ്റ്റിക് സെന്റർ, ലൈബ്രറി, പുതിയ കെട്ടിടം നിർമ്മിക്കുക, പൂജപ്പുര സ്ത്രീകളുടേയും കുട്ടികളുടേയും ആശുപത്രിയിലെ പുതിയ കെട്ടിടത്തിന്റെ 4, 5 നിലകൾ നിർമ്മിക്കുക തുടങ്ങിയ ആവശ്യങ്ങൾക്കായി അനുവദിച്ച തുക അപര്യാപ്തമായതിനാൽ പദ്ധതിയിനത്തിൽ 5.5 കോടി രൂപ അധികമായി അനുവദിക്കണമെന്ന് സമിതി ശുപാർശ ചെയ്യുന്നു.

2210-05-101-95(12)—ആയുർവേദ മെഡിക്കൽ കോളേജ്, തിരുവനന്തപുരം—സ്കോളർഷിപ്പുകളും സ്റ്റൈപ്പന്റുകളും

നോൺ പ്ലാൻ വിഹിതം : 3 കോടി 40 ലക്ഷം രൂപ

14. പി.ജി. വിദ്യാർത്ഥികളുടെ സീറ്റുകളുടെ എണ്ണം വർദ്ധിപ്പിക്കുകയും സ്റ്റൈപ്പന്റ് നിരക്ക് വർദ്ധിപ്പിക്കുകയും ചെയ്തതിനാൽ പദ്ധതിയിതരയിനത്തിൽ അനുവദിച്ച തുക അപര്യാപ്തമാണ്. ആയതിനാൽ 90 ലക്ഷം രൂപ കൂടി ഈയിനത്തിൽ അനുവദിക്കണമെന്ന് സമിതി ശുപാർശ ചെയ്യുന്നു.

2210-05-101-96-24—ഗവൺമെന്റ് ആയുർവേദ കോളേജ്, തൃപ്പൂണിത്തുറ—സാധനസാമഗ്രികൾ

നോൺ പ്ലാൻ വിഹിതം : 25 ലക്ഷം രൂപ

15. ഗവൺമെന്റ് ആയുർവേദ കോളേജിലേക്കും ഫാർമസിയിലേക്കും ആവശ്യമായ അസംസ്കൃത വസ്തുക്കൾ, ലാബ് ഉപകരണങ്ങൾ, രാസവസ്തുക്കൾ, രോഗികൾക്കാവശ്യമായ മരുന്നുകൾ, ഔഷധിയിൽ നിന്ന് വാങ്ങുന്ന മരുന്നുകൾ തുടങ്ങിയ ആവശ്യങ്ങൾക്കായി അനുവദിച്ച തുക അപര്യാപ്തമായതിനാൽ ബഡ്ജറ്റ് വിഹിതത്തിൽ 10 ലക്ഷം രൂപ കൂടി അധികമായി അനുവദിക്കണമെന്ന് സമിതി ശുപാർശ ചെയ്യുന്നു.

2210-02-101-98 (24)—ഗവൺമെന്റ് ആയുർവേദ കോളേജ് ആശുപത്രി, തൃപ്പൂണിത്തുറ—സാധനസാമഗ്രികൾ

നോൺ പ്ലാൻ വിഹിതം : 32.25 ലക്ഷം രൂപ

16. പുതിയ ആശുപത്രി സമുച്ചയത്തിലെ എല്ലാ നിലകളും പ്രവർത്തന സജ്ജമായതോടെ കിടപ്പുരോഗികളുടെ എണ്ണം വർദ്ധിക്കുമെന്നതിനാൽ അവർക്ക് നൽകേണ്ട ആഹാര സാധനങ്ങൾ പാചകത്തിനാവശ്യമായ പാചകവാതകം, മരുന്നുകൾ, ഉപകരണങ്ങൾ, ശുചീകരണത്തിനാവശ്യമായ വസ്തുക്കൾ എന്നിവ വാങ്ങുന്നതിനായി അനുവദിച്ച തുക അപര്യാപ്തമായതിനാൽ 50 ലക്ഷം രൂപ കൂടി അധികമായി അനുവദിക്കണമെന്ന് സമിതി ശുപാർശ ചെയ്യുന്നു.

**ഹോമിയോപ്പതി വകുപ്പ്**

17. ഹോമിയോപ്പതി വകുപ്പിൽ പുതിയ ഡിസ്പെൻസറികൾ അനുവദിക്കുന്നതിന് ആനുപാതികമായി ഈ സ്ഥാപനങ്ങളിലെ ജീവനക്കാരുടെ ജീവനകാര്യങ്ങൾ കൈകാര്യം ചെയ്യുന്നതിനായി അധിക തസ്തികകൾ അനുവദിക്കണമെന്ന് സമിതി ശുപാർശ ചെയ്യുന്നു. വകുപ്പിൽ ആയുഷ്, എൻ.ആർ.എച്ച്.എം. എന്നീ സംവിധാനങ്ങൾവഴി നടപ്പാക്കിവരുന്ന പദ്ധതികൾ കാര്യക്ഷമമാക്കുന്നതിന് ആവശ്യമായ തസ്തികകൾ അനുവദിക്കണമെന്ന് സമിതി ശുപാർശ ചെയ്യുന്നു.

**ഡ്രഗ്സ് കൺട്രോൾ വകുപ്പ്**

2210-06-104-98—ഡ്രഗ്സ് കൺട്രോൾ വകുപ്പ്

ബഡ്ജറ്റ് വിഹിതം : 380 ലക്ഷം രൂപ

18. എറണാകുളം റീജിയണൽ ഡ്രഗ്സ് ടെസ്റ്റിംഗ് ലാബിന്റെ ലബോറട്ടറിക്കാവശ്യമായ യന്ത്രോപകരണങ്ങൾ വാങ്ങുന്നതിനും ലാബിലേക്കാവശ്യമായ ജീവനക്കാരുടെ തസ്തികകൾ സൃഷ്ടിക്കുന്നതിനും തിരുവനന്തപുരം ഡ്രഗ്സ് ടെസ്റ്റിംഗ് ലബോറട്ടറിയിലെ കാലഹരണപ്പെട്ട യന്ത്രോപകരണങ്ങൾ മാറ്റി സ്ഥാപിക്കുന്നതിനും അനുവദിച്ച തുക അപര്യാപ്തമാണ്. തൃശ്ശൂർ, കോന്നി എന്നിവിടങ്ങളിൽ പുതിയ ഡ്രഗ്സ് ടെസ്റ്റിംഗ് ലബോറട്ടറികൾ ആരംഭിക്കുന്നതിനായി ബഡ്ജറ്റിൽ നിർദ്ദേശമുണ്ട്. ഇവയുടെ പ്രാരംഭ നടപടികൾക്കായി ആവശ്യമായ തുക ബഡ്ജറ്റിൽ വകയിരുത്തിയിട്ടില്ല. ആയതിനാൽ മേൽപ്പറഞ്ഞ ആവശ്യങ്ങളിലേക്കായി ഈ ശീർഷകത്തിൽ 10 കോടി രൂപ അധികമായി അനുവദിക്കണമെന്ന് സമിതി ശുപാർശ ചെയ്യുന്നു.

19. ആയുർവേദ ഡ്രഗ്സ് കൺട്രോളർ വകുപ്പിൽ ആകെ മൂന്ന് ഡ്രഗ്സ് ഇൻസ്പെക്ടർമാരാണ് ഉള്ളത്. ഈ മൂന്ന് ഇൻസ്പെക്ടർമാരെക്കൊണ്ട് ശരിയായ രീതിയിൽ സാമ്പിൾ ശേഖരിക്കുന്നതിനും പീരിയോഡിക്കൽ ഇൻസ്പെക്ഷൻ നടത്തുന്നതിനും വളരെയേറെ ബുദ്ധിമുട്ട് നേരിടുന്നുണ്ട്. കൂടാതെ ഇൻസ്പെക്ഷൻ നടത്തുന്നതിന് ആവശ്യമായ വാഹനസൗകര്യം ഇല്ല. ആയതിനാൽ ഡ്രഗ്സ് കൺട്രോളർ വകുപ്പ് ശക്തിപ്പെടുത്തുന്നതിലേക്കായി ഓരോ ജില്ലയിലും ഓരോ ആയുർവേദ ഡ്രഗ്സ് ഇൻസ്പെക്ടർമാരെ നിയമിക്കണമെന്നും വകുപ്പിന് ആവശ്യമായ വാഹനസൗകര്യം ലഭ്യമാക്കുന്നതിനുള്ള നടപടി സ്വീകരിക്കണമെന്നും സമിതി ശുപാർശ ചെയ്യുന്നു.

2210-05-800-89-35—റീജിയണൽ കാൻസർ സെന്റർ, തിരുവനന്തപുരം

പ്ലാൻ വിഹിതം : 30 കോടി രൂപ

20. പ്രതിവർഷം 14000-ത്തോളം രോഗികൾ പുതിയതായി ചികിത്സയ്ക്കെത്തുന്ന റീജിയണൽ കാൻസർ സെന്ററിൽ ഓരോ വർഷവും നിർദ്ധനരായ രോഗികളുടെ സൗജന്യ ചികിത്സയ്ക്കായി 11 കോടിയോളം രൂപ ചെലവാകുന്നു. സൗജന്യ ചികിത്സ സുഗമമായി നടത്തിക്കൊണ്ടുപോകാൻ പദ്ധതിയിനത്തിൽ അനുവദിച്ച തുക അപര്യാപ്തമായതിനാൽ 10 കോടി രൂപ അധിക ഗ്രാന്റായി അനുവദിക്കണമെന്ന് സമിതി ശുപാർശ ചെയ്യുന്നു.

2210-05-800-79-09—മലബാർ കാൻസർ സെന്റർ സൊസൈറ്റി

പ്ലാൻ വിഹിതം : 1500 ലക്ഷം രൂപ

നോൺ പ്ലാൻ വിഹിതം : 600 ലക്ഷം രൂപ

21. കാൻസർ രോഗം കൂടുതലായി കണ്ടുവരുന്ന മലബാർ മേഖലയിലെ നിർദ്ധനരായ കാൻസർ രോഗികൾക്ക് വളരെ പരിമിതമായ ചികിത്സ ലഭിക്കുന്നതിനാൽ ദൂരെ സ്ഥലങ്ങളിലെ ആശുപത്രികളെ ചികിത്സയ്ക്കായി ആശ്രയിക്കേണ്ടിവരുന്നു. ചികിത്സയ്ക്കാവശ്യമായ ആധുനികസജ്ജീകരണങ്ങൾ മലബാർ കാൻസർ സെന്ററിൽ ഏർപ്പെടുത്തുന്നത് ഇത്തരം രോഗികൾക്ക് വളരെയേറെ ഗുണം ചെയ്യുന്നതാണ്. ബഡ്ജറ്റ് വിഹിതമായി മലബാർ കാൻസർ സെന്ററിന് വകയിരുത്തിയിട്ടുള്ള തുക പരിമിതമായതിനാൽ നൂതന ചികിത്സാ സംവിധാനമായ ന്യൂക്ലിയർ മെഡിസിന്റെ രണ്ടാംഘട്ട വികസനം, ലൈബ്രറി ബിൽഡിംഗിന്റെ ഒന്നാംഘട്ട നിർമ്മാണം, നഴ്സിംഗ് കോളേജിന്റെ കെട്ടിട നിർമ്മാണം, ലബോറട്ടറി നിർമ്മാണം, രണ്ടാംഘട്ടം എന്നിവയ്ക്കായി 18 കോടി രൂപ അധികമായി അനുവദിക്കണമെന്ന് സമിതി ശുപാർശ ചെയ്യുന്നു.

**കേരള സംസ്ഥാന എയ്ഡ്സ് നിയന്ത്രണ സൊസൈറ്റി**

2210-80-800-74—നോൺ പ്ലാൻ

22. എയ്ഡ്സ് ബാധിതരുടെ യാത്രാബത്ത, ചികിത്സാ ധനസഹായം, മരണാനന്തര പെൻഷൻ എന്നിവയ്ക്കായി 2210-80-800-74 (നോൺ പ്ലാൻ) എന്ന

ശീർഷകത്തിൽ 2012 ജനുവരി മുതൽ 2012 മാർച്ച് വരെ 1,09,47,000 രൂപ വകയിരുത്തിയിട്ടുണ്ട്. 2012-2013 സാമ്പത്തിക വർഷത്തിലേക്ക് ഈ പദ്ധതിയുടെ തുടർനടത്തിപ്പിനായി ബഡ്ജറ്റിൽ 1,000 രൂപ മാത്രമാണ് വകയിരുത്തിയിട്ടുള്ളത്. ഈ പദ്ധതിയുടെ തുടർനടപടികൾ നടത്തേണ്ടത് അനിവാര്യമായതിനാൽ ഈ ശീർഷകത്തിൽ 4 കോടി രൂപ അധികമായി അനുവദിക്കണമെന്ന് സമിതി ശുപാർശ ചെയ്യുന്നു.

**കേരള ഹാർട്ട് ഫൗണ്ടേഷൻ**

23. സാമ്പത്തികമായി പിന്നോക്കം നിൽക്കുന്ന നിർദ്ധനരായ ഹൃദ്രോഗികൾക്ക് ശരിയായ രീതിയിലുള്ള ആധുനികചികിത്സ നൽകുന്നതിനാണ് കേരള ഹാർട്ട് ഫൗണ്ടേഷൻ രൂപീകരിച്ചത്. കേരള ഹാർട്ട് ഫൗണ്ടേഷന്റെ ബേസ് യൂണിറ്റായി പ്രവർത്തിക്കുന്ന തിരുവനന്തപുരം മെഡിക്കൽ കോളേജിലെ കാർഡിയോളജി വിഭാഗത്തിൽ ഒരു കാത്ത് ലാബ് മാത്രമേയുള്ളൂ. രാവിലെ 8 മണി മുതൽ രാത്രി 9 വരെ പ്രവർത്തിക്കുന്ന കാത്ത് ലാബിൽ 3 മുതൽ 4 വരെ അക്യൂട്ട് ഹാർട്ട് അറ്റാക്ക് രോഗികൾക്ക് എമർജൻസി ആൻജിയോപ്ലാസ്റ്റി നടത്തേണ്ടിവരുന്നതിനാൽ രണ്ട് കാത്ത് ലാബുകളുടെ പ്രവർത്തനം ആവശ്യമാണെന്ന് സമിതിക്ക് ബോദ്ധ്യപ്പെട്ട സാഹചര്യത്തിൽ ഒരു പുതിയ കാത്ത് ലാബ് കൂടി വാങ്ങേണ്ടതാണ്. ഇതിലേക്കായി 4.5 കോടി രൂപ അനുവദിക്കണമെന്ന് സമിതി ശുപാർശ ചെയ്യുന്നു.

2210-80-190-99(NP)—കേരള മെഡിക്കൽ സർവ്വീസസ് കോർപ്പറേഷൻ

നോൺ പ്ലാൻ വിഹിതം : 200 കോടി രൂപ

24. ഗവൺമെന്റ് നൽകുന്ന ഉറപ്പുകൾ സംബന്ധിച്ച നിയമസഭാ കമ്മിറ്റി ശുപാർശ ചെയ്തിരുന്നപ്രകാരം ജീവൻരക്ഷാ മരുന്നുകളും കാൻസർ പോലുള്ള മാരകരോഗങ്ങൾക്കുള്ള വില കൂടിയ മരുന്നുകളും നിർമ്മാതാക്കളിൽ നിന്നും നേരിട്ട് സംഭരിച്ച് വിതരണം ചെയ്യുന്നതിനായി ആരംഭിച്ച പദ്ധതിയുടെ മൂലധനചെലവിനായി 50 കോടി രൂപ കൂടി കോർപ്പറേഷന് വകയിരുത്തണമെന്ന് ശുപാർശ ചെയ്തിട്ടുണ്ടായിരുന്നെങ്കിലും നാളിതുവരെ ഈ തുക ലഭ്യമാക്കാത്ത സാഹചര്യത്തിൽ പ്രസ്തുത തുക അനുവദിക്കണമെന്ന് സമിതി ശുപാർശ ചെയ്യുന്നു.

2210-10-05-105-18—സ്റ്റേറ്റ് ഇൻസ്റ്റിറ്റ്യൂട്ട് ഓഫ് മെഡിക്കൽ എഡ്യുക്കേഷൻ ആന്റ് ടെക്നോളജി (സി-മെറ്റ്)

പ്ലാൻ വിഹിതം : 50 ലക്ഷം രൂപ

25. ഇൻഡ്യൻ നഴ്സിംഗ് കൗൺസിലിന്റെ നിലവാരം നിലനിർത്തുന്നതിന് നിശ്ചിതമായ നിബന്ധനകൾ പാലിക്കുന്നതിലേക്കായി മെഷിനറി, ലാബിനാവശ്യമായ ഉപകരണങ്ങൾ, കമ്പ്യൂട്ടറുകൾ, പഠനസഹായ ഉപകരണങ്ങൾ, പാഠ്യപുസ്തകങ്ങൾ തുടങ്ങിയ ആവശ്യങ്ങൾക്കായി അനുവദിച്ച 50 ലക്ഷം രൂപ അപര്യാപ്തമാണ്. സി-മെറ്റിന് പള്ളുരുത്തിയിലും മലമ്പുഴയിലും രണ്ട് നഴ്സിംഗ് കോളേജ് പണിയുന്നതിന് എൻ.ആർ.എച്ച്.എം.വഴി 11.88 കോടി രൂപ ലഭ്യമാക്കിയിട്ടുണ്ട്. പ്രസ്തുത തുക എൻ.ആർ.എച്ച്.എം.-ന് തിരികെ നൽകേണ്ടതുണ്ട്. ആയതിനാൽ ഈ ശീർഷകത്തിൽ അധികമായി 20 കോടി രൂപ അനുവദിക്കണമെന്ന് സമിതി ശുപാർശ ചെയ്യുന്നു.

2210-05-800-65—കേരള ഹെൽത്ത് റിസർച്ച് ആന്റ് വെൽഫെയർ സൊസൈറ്റി

പ്ലാൻ വിഹിതം : ഇല്ല

26. മെഡിക്കൽ കോളേജുകൾ, ജില്ലാ ആശുപത്രികൾ, താലൂക്ക് ആശുപത്രികൾ എന്നിവിടങ്ങളിലെ കെ.എച്ച്.ആർ.ഡബ്ല്യു.എസിന്റെ കീഴിലുള്ള 20 പേവാർഡുകൾ നവീകരിക്കേണ്ടതുണ്ട്. ആയതിനാൽ 2210-05-800-65-09 (ഗ്രാന്റ്-ഇൻ-എയ്ഡ്) ശീർഷകത്തിൽ ഈ സാമ്പത്തിക വർഷം 2 കോടി രൂപ അനുവദിക്കണമെന്ന് സമിതി ശുപാർശ ചെയ്യുന്നു.

2210-05-105-50—ചൈൽഡ് ഡവലപ്പ്മെന്റ് സെന്റർ, മെഡിക്കൽ കോളേജ്, തിരുവനന്തപുരം

പ്ലാൻ വിഹിതം : 200 ലക്ഷം രൂപ

നോൺ പ്ലാൻ വിഹിതം : 69 ലക്ഷം രൂപ

27. കുട്ടികളിലെ ബുദ്ധിവികാസ വ്യതിയാനങ്ങളും തകരാറുകളും, വളർച്ചയിലെ കുറവും കാലതാമസവും, കുട്ടികൾ തൂക്കം കുറഞ്ഞ് ജനിക്കുന്നതിന്റെ കാരണങ്ങളും പ്രശ്നങ്ങളും, കൗമാരപ്രായത്തിലെ പോഷകാഹാരക്കുറവ് ഉണ്ടാക്കുന്ന പ്രശ്നങ്ങൾ, മാതൃശിശു സംരക്ഷണം എന്നിവയെക്കുറിച്ച് പഠിക്കുകയും ആധുനിക ചികിത്സാരീതികൾ രൂപപ്പെടുത്തുകയും ചെയ്യുക മുതലായവ ആവശ്യങ്ങൾക്കായി അനുവദിച്ച തുക അപര്യാപ്തമാണെന്ന് സമിതി മനസ്സിലാക്കുന്നു. ആയതിനാൽ ഈ ശീർഷകത്തിൽ പദ്ധതിയിനത്തിൽ 50 ലക്ഷം രൂപയും പദ്ധതിയേതരയിനത്തിൽ 31 ലക്ഷം രൂപയും അധികമായി അനുവദിക്കണമെന്ന് സമിതി ശുപാർശ ചെയ്യുന്നു.

2210-01-200-86—ഇൻഡ്യൻ ഇൻസ്റ്റിറ്റ്യൂട്ട് ഓഫ് ഡയബറ്റിസ്

പ്ലാൻ വിഹിതം : ഇല്ല

28. സാമ്പത്തികമായി പിന്നോക്കം നിൽക്കുന്നവർ പ്രമേഹ ചികിത്സയ്ക്കായി ആശ്രയിക്കുന്ന ഒരു ചികിത്സാകേന്ദ്രമെന്ന നിലയിലും, പ്രമേഹ ചികിത്സാരംഗത്ത് ഗവേഷണം നടത്തുന്ന സ്ഥാപനമെന്നനിലയിലും മുന്തിയ പരിഗണന അർഹിക്കുന്ന ഒരു സ്ഥാപനമായ ഇന്ത്യൻ ഇൻസ്റ്റിറ്റ്യൂട്ട് ഓഫ് ഡയബറ്റിസ് എന്ന സ്ഥാപനത്തിന് 2010-11, 2011-12 വർഷങ്ങളിലെ ബഡ്ജറ്റിൽ തുകയൊന്നും ലഭിക്കാത്തതിനെ തുടർന്ന് സാമ്പത്തിക ബുദ്ധിമുട്ട് നേരിടുന്നതിനാൽ 2210-01-200 "other Health Schemes-93-11D (Plan)"എന്ന ശീർഷകത്തിൽ 1.5 കോടി രൂപ ഗ്രാന്റായി അനുവദിക്കണമെന്ന് സമിതി ശുപാർശ ചെയ്യുന്നു.

2210-05-105-36 (P)—ഇൻസ്റ്റിറ്റ്യൂട്ട് ഫോർ കമ്മ്യൂണിക്കേറ്റീവ് ആൻഡ് കോഗ്നിറ്റീവ് ന്യൂറോസയൻസസ് (ഐക്കോൺസ്)

പ്ലാൻ വിഹിതം : 2.5 കോടി രൂപ

29. കുട്ടികൾ, മുതിർന്നവർ, വൃദ്ധർ എന്നിവരിൽ കാണുന്ന മാനസികവും ഭാഷാപരവും, ചിന്താപരവും, ആശയപരവുമായ വൈകല്യങ്ങൾ, ഓട്ടിസം, ബുദ്ധിമാന്ദ്യം, പഠനവൈകല്യം, സെറിബ്രൽ പാൽസി, ശ്രവണവൈകല്യങ്ങൾ,

സംസാര ശേഷിയില്ലായ്മ, പ്രായപൂർത്തിയായവരിൽ പക്ഷാഘാതവും തലച്ചോറിനുണ്ടാകുന്ന ക്ഷതങ്ങൾ മുഖേന വരുന്ന ഭാഷാവൈകല്യം, മറവിരോഗം എന്നീ വിഷയങ്ങളിൽ ഗവേഷണം നടത്തുകയും അത്തരം വൈകല്യമുള്ളവരെ ചികിത്സിക്കുകയും പുനരധിവസിപ്പിക്കുകയും ചെയ്തവരെ കുടുംബത്തിന്റെയും സമൂഹത്തിന്റെയും മുഖ്യധാരയിലേക്ക് കൊണ്ടുവരുകയുമാണ് ഈ സൊസൈറ്റിയുടെ പ്രധാന ലക്ഷ്യം.

30. ഐക്കോൺസിന്റെ തിരുവനന്തപുരത്തും ഷൊർണ്ണൂരുമുള്ള സ്ഥാപനങ്ങളിൽ ആധുനിക സജ്ജീകരണങ്ങൾ ഏർപ്പെടുത്തുക, പാരാമെഡിക്കൽ ജീവനക്കാരെയും മറ്റ് അനുബന്ധജീവനക്കാരെയും നിയമിക്കുക തുടങ്ങിയവയ്ക്കായി അനുവദിച്ച തുക അപര്യാപ്തമായതിനാൽ 2 കോടി രൂപ നോൺ പ്ലാൻ ഇനത്തിൽ അനുവദിക്കണമെന്ന് സമിതി ശുപാർശ ചെയ്യുന്നു.

**നാഷണൽ റൂറൽ ഹെൽത്ത് മിഷൻ (എൻ.ആർ.എച്ച്.എം.)**

31. മുഴുവൻ ഗ്രാമീണ ജനതയ്ക്കും ഫലപ്രദമായ ആരോഗ്യരക്ഷ നൽകുന്നതിനായി നടപ്പിലാക്കുന്ന പദ്ധതിക്കായി 2012-2013 സാമ്പത്തികവർഷം സംസ്ഥാന വിഹിതമായി 110.55 കോടി രൂപ അനുവദിക്കണമെന്ന് സമിതി ശുപാർശ ചെയ്യുന്നു.

**ഫുഡ് സേഫ്റ്റി കമ്മീഷണറേറ്റ്**

2210-06-102-99—ആഹാരത്തിൽ മായം ചേർക്കുന്നത് തടയൽ

പ്ലാൻ വിഹിതം : 150 ലക്ഷം രൂപ

നോൺ പ്ലാൻ വിഹിതം : 848 ലക്ഷം രൂപ

32. ഭക്ഷ്യസുരക്ഷ ഉറപ്പാക്കുകയും, മായം ചേർക്കൽ തടയുക മുതലായവയാണ് ഫുഡ് സേഫ്റ്റി കമ്മീഷണറേറ്റിന്റെ പ്രധാന ലക്ഷ്യം. നിലവിലുള്ള മൂന്ന് ലബോറട്ടറികളുടെ NABL അക്രഡിറ്റേഷൻ നടപ്പിലാക്കുക, പ്രധാനപ്പെട്ട ചെക്ക്പോസ്റ്റുകളിൽ പ്രാഥമിക പരിശോധന നടത്തുന്നതിനായുള്ള ലബോറട്ടറി സജ്ജീകരണങ്ങൾ ഒരുക്കുക, ഓഫീസർമാർക്കും ജീവനക്കാർക്കും പരിശീലനം നൽകുക, പൊതുജനങ്ങൾക്കും വ്യാപാരികൾക്കും ബോധവൽക്കരണ പരിപാടികൾ സംഘടിപ്പിക്കുക, ഹെഡ്ക്വാർട്ടേഴ്സ്/ജില്ലാ/താലൂക്ക് തലങ്ങളിലെ ആവശ്യത്തിന് കെട്ടിടങ്ങളുടെ വാടകയ്ക്കും, മുൻസിപ്പാലിറ്റികളിലെയും കോർപ്പറേഷനുകളിലെയും ഫുഡ് ഇൻസ്പെക്ടർമാർക്ക് ആഫീസും മറ്റ് സൗകര്യങ്ങളും നൽകുക എന്നീ ആവശ്യങ്ങൾക്കായി അനുവദിച്ച തുക അപര്യാപ്തമായതിനാൽ 12 കോടി രൂപ അധികമായി അനുവദിക്കണമെന്ന് സമിതി ശുപാർശ ചെയ്യുന്നു.

വി. എസ്. ശിവകുമാർ,

*ചെയർമാൻ,*

*സബ്ജക്റ്റ് കമ്മിറ്റി XII.*

തിരുവനന്തപുരം,
2012 മേയ് 10.